(എ) 2015 ജനുവരി 16, 17 തീയതികളിൽ ആഗോള പ്രവാസി മലയാളി സംഗമം കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു.

പ്രവാസി മലയാളികളുടെ ലോകം - പ്രശ്നങ്ങൾ, വെല്ലുവിളികൾ, അവസരങ്ങൾ, ഗൾഫ്, യൂറോപ്പ് ആന്റ് അമേരിക്ക എന്നീ പ്രത്യേക സെഷനുകളിൽ പ്രവാസി വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രവാസികൾക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപിക്കുവാനുള്ള അവസരങ്ങൾ, മലയാളവും കേരള സംസ്കാരവും: പ്രവാസി മലയാളിക്ക് മേലുള്ള സ്വാധീനം, പ്രവാസി ക്ഷേമത്തിന് സമൂഹത്തിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങൾ സെഷൻ അടിസ്ഥാനത്തിൽ വിശദമായ ചർച്ചയ്ക്കായി സർക്കാർ മുന്നോട്ട് വച്ചിരുന്നു. കൂടാതെ വിവിധ പ്രവാസി സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ററാക്ടീവ് സെഷനും സംഗമത്തിലെ പ്രതിനിധികളുടെ തുറന്ന അഭിപ്രായത്തിന് വേദി ഒരുക്കിക്കൊണ്ട് മുഖ്യമന്ത്രിയും നോർക്ക വകുപ്പുമന്ത്രിയും പങ്കെടുത്ത ഓപ്പൺ ഫോറവും സംഘടിപ്പിച്ചിരുന്നു.

(സി) മുകളിൽ അവതരിപ്പിച്ച വിഷയങ്ങൾ കൂടാതെ ഇന്ത്യയ്ക്കകത്തും പുറത്തും താമസിക്കുന്ന പ്രവാസികളുടെ വിവിധ വിഷയങ്ങളും സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവാസി മലയാളികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ സ്വത്തും ആസ്തികളും സംബന്ധിച്ച പ്രശ്നങ്ങൾ, പ്രവാസികളുടെ യാത്രാ സൗകര്യം സംബന്ധിച്ച വിഷയം, പ്രവാസികൾക്ക് ലഭ്യമാക്കേണ്ട സഹായങ്ങൾ സംബന്ധിച്ച വിഷയം, ഔപചാരിക വിദ്യാഭ്യാസമില്ലാത്ത പ്രവാസി മലയാളികൾക്ക് നൈപുണ്യ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടവ.

(ഡി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ നോർക്ക വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനങ്ങളും അവയിന്മേൽ സ്വീകരിച്ച തുടർ നടപടികളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

നഗരവികസന പദ്ധതികൾ

12 (*282) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നഗരവികസന പദ്ധതികൾ ഊർജ്ജിതമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) ഏതെല്ലാം മേഖലയിലുള്ള പദ്ധതികളാണ് ഇങ്ങനെ കമ്മീഷൻ ചെയ്യപ്പെടുന്നത് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് ;

(ഡി) ഭരണതലത്തിൽ ഇതിനായി ഏതെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) നഗരകാര്യ വകുപ്പ്, KSUDP എന്നിവ മുഖേന പ്രവൃത്തികളുടെ പുരോഗതി കാലാകാലങ്ങളിൽ അവലോകനം നടത്തുകയും നിർവ്വഹണം ത്വരിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പഴയ നഗരപരിസരങ്ങളുടെ പുനർവികസനം, അഴുക്കുചാൽ/ഓട, ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ നഗര പുനരുദ്ധാരണ പദ്ധതികൾ, ശുദ്ധജല വിതരണം, മാലിന്യ നിർമ്മാർജ്ജനം, നഗര റോഡുകളും ഗതാഗതവും തുടങ്ങിയ മേഖലകളിലെ സമഗ്രവികസനം എന്നിവയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) JNNURM പദ്ധതിയിൽ 80/50 ശതമാനം കേന്ദ്രവിഹിതവും UIDSSMT പദ്ധതിയിൽ 80 ശതമാനം കേന്ദ്രവിഹിതവും രാജീവ് ആവാസ് യോജന പദ്ധതിയിൽ 100 ശതമാനം കേന്ദ്രവിഹിതവും ലഭിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതി നോഡൽ ഏജൻസികളായ KSUDP, കുടുംബശ്രീ എന്നിവ മുഖാന്തിരം നടപ്പിലാക്കിവരുന്നു. നഗരകാര്യവകുപ്പ് കൃത്യമായ അവലോകനങ്ങൾ നടത്തുന്നുണ്ട്.

കൃഷി ഫാമുകളുടെ ശാക്തീകരണം

13 (*283) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly